
കൊമേറ്റ
സെന്റ് ജോസഫ്സ് എച്ച്.എസ്,വരാപ്പുഴ

# സന്ദേശം

സാങ്കേതികവിദ്യയുടെ ഉന്നത തലങ്ങളിലേക്ക് ലോകം ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത് . സാങ്കേതികതയുടെ വിശാലലോകത്തിലേക്ക് സ്കൂൾ വിദ്യാർത്ഥികളെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെയാണ് പൊതുവിദ്യാഭ്യാസവകുപ്പ്  കൈറ്റിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ലിറ്റിൽ കൈറ്റ്സ് ഐടിക്ലബ്ബുകൾ രൂപീകരിച്ചിട്ടുള്ളത് . ഈ സംരംഭത്തിൽ നമ്മുടെ കുട്ടികളും പങ്കാളികളാണെന്നതിൽ നമുക്ക് അഭിമാനിക്കാം . ക്ലബ്ബ് പ്രവർത്തനങ്ങൾ വഴി ആർജ്ജിച്ചെടുക്കുന്ന ഐടി നൈപുണികൾ കുട്ടികളെ അറിവിന്റെ  ഉന്നതങ്ങളിലേക്ക് എത്തിച്ചേരാൻ പ്രാപ്തരാക്കട്ടെ ലിറ്റിൽ കൈറ്റ്സിൻെ്റ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ സ്കൂൾ മാഗസിൻ രൂപികരണത്തിൽ പങ്കാളികളായ എല്ലാ കൈറ്റ് അംഗങ്ങൾക്കും ആശംസകൾ നേർന്നുകൊണ്ട് ,


ഹെഡ്മിസ്ട്രസ്

# പത്രാധിപസമിതി

- മെറിൻ  സേവ്യർ
- മേരി സാനിയ
- റിറ്റി സോണിയ
- നന്ദന ടി.ആർ
- ആരതി കൃഷ്ണ ടി.ആർ
- അഞ്ജലി സി.എസ്
- കാതറിൻ ജോബി
- രാധിക ടി.ആർ
- ഫിൽന ഫെലിക്സ്
- അഞ്ജന ടി.എ

# പത്രാധിപക്കുറിപ്പ്

പുതുവർഷത്തിലേക്ക് ചുവടുവയ്ക്കാനൊരുങ്ങുമ്പോൾ ഒരു പുതിയ സാങ്കേതിക ലോകത്തിലേക്കാണ് നാം ചുവടുവയ്ക്കുന്നത്. പുതിയ ആശയങ്ങളുടെയും പുതിയ കണ്ടുപിടുത്തങ്ങളുടെയും പിറവിക്കായുള്ള കാത്തിരിപ്പിനൊപ്പം കൂട്ടുചേർന്ന് ലിറ്റിൽ കൈറ്റ്സിന്റെ ഈ ഡിജിറ്റൽ മാഗസിൻ സമർപ്പിക്കുന്നു. ഐ.റ്റിയിലെ മികവിനൊപ്പം ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സർഗ്ഗാത്മകതയേയും വെളിപ്പെടുത്തുന്ന ഈ എളിയ സംരംഭം നിങ്ങൾക്കായി സമർപ്പിക്കുന്നു. സാദരം സ്വീകരിച്ചാലും.




# പേരിന് പിന്നിൽ

ഒരു ചരടിന്റെ നിയന്ത്രണത്തിൽ ആകാശവിതാനത്തിലേക്ക് ഉയർന്നു പറക്കുന്ന പട്ടം ഒരു പ്രതീകമാണ്.ലഭ്യമായ അവസരങ്ങൾ പരമാവധി ഉപയോഗിക്കുവാൻ സാധിച്ചാൽ അസംഖ്യം കഴിവുകൾ അന്തർലീനമായിരിക്കുന്ന വിദ്യാർത്ഥിസമൂഹവും നേട്ടങ്ങളുടെ ഔന്നിത്യങ്ങളിലേക്ക് കുതിച്ചുയരും: 'കൊമേറ്റ' എന്നത് കൈറ്റ് എന്ന അർത്ഥം വരുന്ന ഒരു സ്പാനിഷ് വാക്കാണ്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജവും ഓജസ്സും പകരുന്ന നാമം.

# താളുകളിലൂടെ


- താരാട്ടുപാട്ട്
- എലിയും  പുലിയും
- കുശലം
- നല്ലകൂട്ടുകാർ
- ഏറ്റവും വിഷമുള്ള.....
- വായനാമുറ്റത്തെ പൂവ്
- കടംകഥകൾ
- സഹോദരിക്കായി
- അമ്മ
- കള്ളനെ പിടിച്ച ചിത്രം
- അമ്മിണിപ്പൂവാലി
- കൊച്ചുതുമ്പിയോട്

- അറിവിൻെറ അളവ്
- നല്ലകൂട്ടുകാർ
- ഏറ്റവും വിഷമുള്ള.....
- വായനാമുറ്റത്തെ പൂവ്
- യാത്രാമൊഴി
- മഴ മേഘമേ...... മഴ മേഘമേ....
- ബുദ്ധിമാനായ കൃഷിക്കാരൻ
- കൃഷി ചൊല്ലുകൾ
- വണ്ടികൾ നമ്മൾ
- തക്കുടുപൂച്ച
- എൻെറ ഭാഷ
- ആനക്കഥ
- മഞ്ചാടിച്ചോപ്പ്
- സൗഹൃദം



# മികവുകൾ - നേട്ടങ്ങൾ

## അക്കാദമികം

പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച സംസ്ഥാനതല ശ്രീനിവാസ രാമാനുജൻ പേപ്പർ പ്രസന്റേഷനിൽ 10-ാം ക്ലാസ്സ് വിദ്യാർത്ഥി കുമാരി അലൻറ്റീന വി.ആർ പങ്കെടുത്ത് A ഗ്രേഡ് കരസ്ഥമാക്കി . തിളക്കമാർന്ന ഈ മികവോടെ SSLC പരീക്ഷയിൽ 30 മാർക്ക് ഗ്രേസ് മാർക്കിന് ഈ മിടുക്കി അർഹത നേടി .

നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷയിൽ വിജയം നേടിയ 9-ാം ക്ലാസ്സ് വിദ്യാർത്ഥി കുമാരി നയനാസാറ NMMS സ്കോളർഷിപ്പിന് അർഹത നേടി .

2018 ലെ SSLC പരീക്ഷയിൽ 100 മേനി വിജയം നേടി .നമ്മുടെ സ്കൂൾ വരാപ്പുഴ പഞ്ചായത്തിലെ മികച്ച വിദ്യാലയം എന്ന ബഹുമതിയോടെ നിരവധി അംഗീകാരങ്ങൾക്ക് അർഹത നേടി .

കെ.വി.തോമസ് M.P. വിദ്യാധനംട്രസ്റ്റ് , വരാപ്പുഴ അതിരൂപത നവദർശൻ, കേരള വ്യാപാരിവ്യവസായി ഏകോപന സമിതി വരാപ്പുഴ യൂണിറ്റ് , വരാപ്പുഴ സർവീസ് സഹകരണ ബാങ്ക് എന്നിവർ ഏർപ്പെടുത്തിയ അവാർഡുകൾ നമ്മുടെ സ്കൂൾ കരസ്ഥമാക്കി.

# പാഠ്യേതരം

- കല : എറണാകുളം റവന്യൂജില്ലാതല കലാമേളയിൽ ഭരതനാട്യം , മോഹിനിയാട്ടം , കുച്ചിപ്പുടി എന്നീ നൃത്തയിനങ്ങളിൽ മത്സരിച്ച 9-ാം ക്ലാസ്സ് വിദ്യാർത്ഥി കുമാരി ഡാനിയ എ.ടി, A ഗ്രേഡ്കരസ്ഥമാക്കി.

- അസംബ്ലിഗ്രൗണ്ട് ഷീറ്റിട്ട് മേൽക്കൂരപാകിയതോടെ കുട്ടികൾക്ക് വെയിലേൽക്കാതെ അസംബ്ലിയിൽ പങ്കടുക്കാനും കളിക്കാനും സാധിക്കുന്നു.

- UP, HS വിഭാഗങ്ങൾക്കായുള്ള IT ലാബുകൾ , പാചകപുര ,കിണർ ഇവയുടെ നവീകരണം മനോഹരമായി പൂർത്തിയാക്കി .

- സ്കൂളിൻെറഭൗതിക കാര്യങ്ങൾ ഈ രീതിയിൽ മെച്ചപ്പെടുത്തുന്നതിന് അക്ഷീണം പ്രയത്നിച്ച ബഹു. **H.M.** സി.ആനി ആന്റണിയെ കൃതജ്ഞതാനിർഭരമായ സ്നേഹാദരവോടെ സ്മരിക്കുന്നു.

# കായികം

- പാലക്കാട് വച്ച നടന്ന സംസ്ഥാന മിനി വോളിബോൾ ചാംപ്യൻഷിപ്പിൽ std VIII A യിലെ കുമാരി ആൻഡ്രീന ആന്റണി പങ്കെടുത്ത് രണ്ടാം സ്ഥാനം കരസ്ഥമാക്കി.
- പറവൂരിൽ വച്ച നടന്ന സംസ്ഥാന സബ് ജൂനിയർ വോളിബോൾ ചാംപ്യൻ ഷിപ്പിൽ std X B യിലെ കുമാരി മേരി ഷാലു പീറ്റർ പങ്കെടുത്ത് മൂന്നാം സ്ഥാനം നേടി.
- കൊല്ലത്തു വച്ച നടന്ന സംസ്ഥാന സെപെക്താക്രോ ചാംപ്യൻഷിപ്പിൽ **std IX C** യിലെ കുമാരി റിറ്റി സോണിയ മത്സരിച്ച് മൂന്നാം സ്ഥാനം നേടി.
- ഏലൂരിൽ വച്ച നടന്ന സബ് ഡിസ്ടിക്ട് വോളിബോൾ ചാംപ്യൻഷിപ്പിൽ നമ്മുടെ സ്കൂൾ ടീം പങ്കെടുത്ത് സബ് ജൂനിയർ ടീം ഒന്നാം സ്ഥാനവും ജൂനിയർ ടീം രണ്ടാം സ്ഥാനവും കരസ്ഥമാക്കി .

# ഭൗതികം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നമ്മുടെ സ്കൂളിലെ 12 എച്ച്.എസ് ക്ലാസ്സ് മുറികൾ, ലാപ്ടോപ്, പ്രൊജക്ടർ ഇവയുടെ സജ്ജീകരണത്തോടെ ഹൈടെക്ക് ക്ലാസ്സ് മുറികളായി മാറി. സംസ്ഥാന സർക്കാരിൻെറ അധ്യാപക പോർട്ടലായ സമഗ്ര ക്ലാസ്സ് മുറികളിൽ ഫലപ്രദമായി ഉപയോഗിച്ച് അധ്യാപകർ ക്ലാസ്സ് എടുക്കുന്നു .

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലൂടെ .........


ഈ അധ്യയന വർഷം ക്ലാസ് റൂമുകൾ ഹൈടെക് ആയിമാറിയിരിക്കുന്ന സാഹചര്യത്തിൽ കൈറ്റ് അംഗങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ട്. ക്ലാസ്സ് മുറികളിലെ പ്രൊജക്ടർ , ലാപ്ടോപ്പുകൾ എന്നിവയുടെ പ്രവർത്തനങ്ങളിൽ വരുന്ന അപാകതകൾ പരിഹരിക്കാൻ കൈറ്റ് അംഗങ്ങൾ പ്രാപ്തരാണ് . ലഭ്യമായ മൊഡ്യൂളുകൾക്കനുസരിച്ച് ക്ലാസ്സുകൾ കൃത്യമായി നടന്നുവരുന്നു . ആനിമേഷൻ , മലയാളം ടൈപ്പിങ്ങ് , സ്ക്രാച്ച് , മൊബൈൽ ആപ്പ് നിർമ്മാണം എന്നീ മേഖലകളിൽ ക്ലാസ്സുകൾ നടന്നു കഴിഞ്ഞു . ആനിമേഷൻ സംബന്ധമായ സ്കൂൾ തല ഏകദിന ക്യാമ്പും നടന്നു. പ്രവർത്തന മികവ് പ്രകടിപ്പിച്ച ആറ് കൈറ്റ് അംഗങ്ങൾ സബ്ജില്ലാതല പരിശീലനത്തിൽ പങ്കെടുത്തു.തെരഞ്ഞെടുക്കപ്പെട്ട മൂന്ന് കുട്ടികൾക്ക് ക്യാമറ പരിശീലനവും ലഭ്യമായി. അധ്യാപകരുടെ നേതൃത്വത്തിൽ കൈറ്റ് പ്രവർത്തനങ്ങൾ സുഗമമായി നടന്നു വരുന്നു.

# കൊമേറ്റ





# കൊമേറ്റ






# യുദ്ധശാസ്ത്ര ഭൂമി

**യുദ്ധമേ ശാസ്ത്ര ഭൂമി**

**യുദ്ധമില്ലാതെ മാറിട്ടും ഭൂമി**

**വഞ്ചന നീരാടി കളിക്കുമീ ഭൂമി**

**നന്മയെന്നേ മാഞ്ഞു പോയ ഭൂമി**

**ഭൂമിയെ കളങ്കമാക്കിയ മക്കളാണു നാം**

**ഭൂമിതൻ മക്കളാണു നാം..........**

# അമ്മ

**പത്തുമാസം എന്നെ ഉദരത്തിൽ**

**വഹിച്ചു കൊണ്ടു നടന്നവളാണമ്മ**

**എന്നെ കൈപിടിച്ചു നടക്കാൻ**

**പഠിപ്പിച്ചവളാണെന്നമ്മ**

**ലോകത്തെ സ്നേഹിക്കാൻ**

**പറഞ്ഞവളാണെന്നമ്മ**

**എന്തു പറഞ്ഞാലും** തിരിച്ചുസ്നേഹം

**മാത്രം നൽകിയവളാണെന്നമ്മ**

**നഷ്ടപ്പെട്ടാൽ തിരിച്ചു കിട്ടില്ല ആ സ്നേഹം**

**അമ്മയുടെ അളവില്ലാത്ത സ്നേഹം.**

# കള്ളനെ പിടിച്ച ചിത്രം

പതിനെട്ടാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന ചിത്രകാരനാണ് തോമസ് ഗെയ്ൻസ്ബറോ.

ചിത്രം വരയ്ക്കാനുള്ള കഴിവ് കുട്ടിക്കാലത്തേ അദ്ദേഹത്തിനു

ണ്ടായിരുന്നു.

പ്രകൃതിദൃശ്യങ്ങൾ വരയ്ക്കാൻ വലിയ ഇഷ്ടമായിരു

ന്നു കൊച്ചുതോമസിന്. മരങ്ങളും ചെടികളുമെല്ലാം

നോക്കി വരയ്ക്കുന്നത് അവന്റെ പതിവായിരുന്നു.

ഒരു ദിവസം അച്ഛന്റെ പഴത്തോട്ടത്തിൽ ഇരുന്നു

വരയ്ക്കുമ്പോൾ അവൻ ആ കാഴ്ച്ച കണ്ടു: തോട്ടത്തിന്റെ

മതിലിനു മുകളിലൂടെ ഒരാൾ വലിഞ്ഞു കേറുന്നു! പഴം

മോഷ്ടിക്കാൻ വന്നതാണയാൾ!


തോട്ടത്തിൽ മോഷണം പതിവാണ്. പക്ഷേ, കള്ളനെ

അതുവരെ കിട്ടിയിരുന്നില്ല. തോമസിന് ബുദ്ധിതോന്നി.

കള്ളന്റെ മുഖം അവൻ വരച്ചെടുത്തു!

വൈകാതെ തോമസിന്റെ അച്ഛൻ കാര്യമറിഞ്ഞു. മകൻ വരച്ച ചിത്രവും അദ്ദേഹം കണ്ടു. ആ ചിത്രം കൊണ്ട് ഗുണമുണ്ടായി.

# അമ്മിണിപ്പൂവാലി




നോക്കമ്മേ എന്തൊരുചന്തം

അമ്മിണിപ്പൂവാലി!

വാലൊന്ന് കാലുകൾ നാല്

അമമിണിപ്പൂവാലി!

കൊമ്പുകൾ രണ്ടുണ്ട് കാതും

അമ്മിണിപ്പൂവാലി!

കിങ്ങിണിക്കുട്ടൻെറയമ്മ

ഇവൾ അമ്മിണിപ്പൂവാലി!

# യാത്രാമൊഴി

ലൗകിക സുഖങ്ങളെല്ലാം വിട്ടെന്നന്നേക്ക-

മായ് യാത്രയാവുന്നു ഞാൻ

ഈ മണ്ണിൽനിന്നെൻ പിതാവിൻ

അന്ത്യവിളി നിരസിക്കുവാൻ കഴിയുമോ

എൻ പ്രിയ സോദരങ്ങളേ വിട്ടെന്നന്നേക്കുമായ്

യാത്രയാവുന്നു ഞാൻ...

ജീവൻ തരുന്നതവൻ, ജീവൻ എടുക്കുന്നതുമവൻ

ഓരോ യുഗവും കൊഴിഞ്ഞു പോകും

ഓരോ മനുജനും യാത്രയാകും

ഇന്നു ഞാൻ നാളെ നീയെ-

ന്നോർത്തു ജീവിക്കു മനുജാ നീ....

# കൊച്ചുതുമ്പിയോട്

ഒന്നാനാം കൊച്ചുതുമ്പി
എൻെറ കൂടെപ്പോരുമോനീ?

നിൻെറ കൂടെപോന്നാലോ

എന്തെല്ലാം തരുമെനിക്ക്?




കളിപ്പാനോ കളംതരുവിൻ

കുളിപ്പാനോ കൂളംതരുവിൻ

ഇട്ടിരിപ്പാൻ പൊൻതടുക്ക്

ഇട്ടുണ്ണാൻ പൊൻതളിക

കൈകഴുകാൻ വെള്ളിക്കിണ്ടി

കൈതോർത്താൻ പുള്ളിപ്പട്ട്

## ഒന്നാനാം കൊച്ചുതുമ്പി

## എന്റെകൂടെപ്പോരുമോനീ?

# സഹോദരിക്കായ്.....

# സ്നേഹത്തോടെ

പുഞ്ചിരിക്കുമാ പൂങ്കവിളത്ത്

തേനൂറും മുത്തം ഞാൻ തന്നീടട്ടെ

പൂങ്കരൾ തേവി ഞാൻ നി-

ന്നരികിൽ എത്തിടട്ടെ.

ഒരമ്മതൻ ഗർഭപാത്രത്തിൽ വിരിഞ്ഞ

പൂക്കളല്ലോ നമ്മൾ

രക്തബന്ധത്തിൻ ചൂടറിയാതെ

പിച്ചവച്ച നാളുകൾ അയവിറക്കുന്നു ഞാൻ.

ഗിരിയോളമല്ല, പുഴയോളമല്ല

പവിഴരത്ന കല്ലുകൾ കോർത്തിണക്കിയ

പൂന്തോട്ടമാണെൻ ഹൃദയത്തിൽ നീ

കടലോളമാണെന്റെ സ്നേഹം.

സോദരീ, നിന്നെ തിരിയുന്നു ഞാൻ

സോദരീ, നിന്നെ അറിയുന്നു ഞാൻ

ലോകത്തിൻ നാൽക്കവലയിൽ ഒറ്റയ്ക്കു ഞാൻ

കാണാതെ വീണ്ടും കേഴുന്നു ഞാൻ.

നിൻ ത്തൂവൽ സ്പർശനം മതി

എൻ കണ്ണുകൾ തുറന്നീടാൻ

നിൻ സുഗന്ധം മാത്രം മതി

എൻ മന്ദഹാസം വിരിയുവാൻ

മായുകില്ല നിന്നോർമ്മകൾ

തേയുകില്ല നിന്നാശകൾ

തേടുന്നു ഞാൻ നിന്നെ

വരുമോ നീയെൻ ചാരെ ?

കാത്തിരിപ്പൂ ഞാൻ

വാടാത്ത ഓർമ്മകളുമായ്

അണയാത്ത പ്രകാശനാളമായ്...

# കൊമേറ്റ



# മഴ മേഘമേ..... മഴ മേഘമേ.....



മിന്നിത്തിളങ്ങി മിന്നൽ

മാനത്തുയർന്നു മഞ്ഞ മേഘം

മഴമേഘമേ മഴമേഘമേ...

ചിന്നം പിന്നം നീ പെയ്തോളൂ...

ദാഹികളായ പക്ഷിയും പശുവും

ശൂന്യമായി തടാകങ്ങളെല്ലാം

വരണ്ട തീരത്തു കിടക്കും വെള്ളം

വിഷമിച്ച വലഞ്ഞ മീനുകൾ

മഴമേഘമേ..... മഴമേഘമേ.....

# കൊമേറ്റ

# ബുദ്ധിമാനായ കൃഷിക്കാരൻ




ഒരിടത്തൊരിടത്ത് രണ്ടു കർഷകർ ഉണ്ടായിരുന്നു.രാമുവും ദാമുവും,അവർ രണ്ടു പേരും ദരിദ്രർ ആയിരുന്നു.ഒരുനേരത്തെ ആഹാരത്തിനു പോലും അവർ കഷ്ട്ട പെട്ടിരുന്നു,കുട്ടികൾ വിശന്നു കരയുന്നത് നോക്കി നിൽക്കാനേ അവർക്ക് കഴിഞ്ഞിരുന്നുള്ളൂ.അവർ രാജാവിനെ കണ്ടു വിഷമങ്ങൾ പറഞ്ഞു.പ്രജകളുടെ ക്ഷേമത്തിൽ തല്പരനായ ആ നല്ല രാജാവ് അവർക്ക് പത്തു ചാക്ക് നെല്ല് വീതം നൽകി.രാമുവും ദാമുവും സന്തോഷത്തോടെ വീട്ടിൽ തിരിച്ചെത്തി. രാമു കൂട്ടുക്കാരെയും ബന്ധുക്കളെയും വിളിച്ചു വിരുന്നു നൽകി.വിരുന്നിനു വന്നവരെല്ലാം രാമുവിനെ പുകഴ്ത്തുകയും വിരുന്നു നൽകാത്ത ദാമുവിനെ കളിയാക്കുകയും ചെയ്തു.ഇതെല്ലാം കണ്ടു പൊങ്ങച്ചക്കാരനായ രാമു സന്തോഷിച്ചു ദാമുവാകട്ടെ,ആ നെല്ലിൽ നിന്ന് കുറച്ചെടുത്ത് കൃഷി ചെയ്യാൻ തീരുമാനിച്ചു.കുറച്ചു നെല്ല് നൽകി ഒരു കാളയെ വാടകക്കെടുത്തു കൃഷി നിലം ഉഴുതു മറിച്ച്,നെല്ല് പാകി.ദാമുവിന്റെ കൃഷി നന്നായി വന്നു,പിന്നെയും പിന്നെയും കൃഷി ചെയ്ത് ദാമു ആ നാട്ടിലെ പണക്കാരനായി മാറി.

ദാമു നാട്ടുകാർക്കും ബന്ധുക്കൾക്കും വിരുന്നു നൽകി,എല്ലാവരും ദാമുവിനെ പുകഴ്ത്തി, പക്ഷെ ദാമു എല്ലാത്തിനും ദൈവത്തിനും, സഹായിച്ച രാജാവിനും,വിരുന്നിനെത്തിയ എല്ലാവർക്കും നന്ദി പറഞ്ഞു.എല്ലാവർക്കും ദാമുവിനെ ഒരുപാടിഷ്ടമായി,ദരിദ്രനായ രാമുവിനെ ആരും കണ്ട ഭാവം പോലും കാണിച്ചില്ല.

തന്നെ സഹായിച്ച രാജാവിനെ ചെന്നു കണ്ട് വിലകൂടിയ സമ്മാനങ്ങൾ നൽകാനും ദാമു മറന്നില്ല. ബുദ്ധിമാനായ ദാമുവിനെ രാജാവ് ഗ്രാമ തലവനായി വാഴിച്ചു.പഴയ കൂട്ടുകാരനായ രാമുവിന് കൃഷിചെയ്യാനുള്ള സഹായവും ദാമു നൽകി,ഒപ്പം ഒരു ഉപദേശവും: വിതെത്തെടുത്ത് ഉണ്ണരുത്.

# കൃഷി ചൊല്ലുകൾ


- കുംഭത്തിൽ നട്ടാൽ കുടത്തോളം ,മീനത്തിൽ നട്ടാൽ മീനോളം
- തൊഴുതുണ്ണുന്നതിനേക്കാൾ മെച്ചം ഉഴുതുണ്ണുന്നത്
- വയലിൽ വിളഞ്ഞാലെ വയറ്റിൽ പോകൂ



- ഉരിനെല്ല് ഈരാൻ പോയിട്ട് പത്തുപറ നെല്ല് പന്നി തിന്നു
- പണിയെടുത്തുണ്ടാൽ സുഗമായുറങ്ങാം
- വിത്താഴം ചെന്നാൽ പത്തായം നിറയും
- കാലിക്കു കൊടുകുന്നത് വേലിക്കു കൊടുക്കണം
- ഉച്ചാറുച്ചക്ക് വെള്ളരീ നാട്ടൽ വിഷുവുച്ചക്ക് കായ പിറക്കാം
- വേല ഒപ്പമെങ്കിലും വെയിലൊപ്പം കൊള്ളണം
- ഇരുന്നുണ്ടവന് രുചിയറിയില്ല
- കർക്കടകം മാസത്തിൽ പത്തുണക്കം
- കരിമ്പിനു കമ്പു ദോഷം



# വണ്ടികൾ ഞങ്ങൾ



ണിംണിം ണിംണിം
ബെല്ലമടിച്ച്

ബ്രെക്കിട്ടോട്ടം ബൈസിക്കിൾ

വട്ടംവട്ടം വീലുകൾ രണ്ടും

കറക്കിയെത്തും ബൈസിക്കിൾ!



പീപീ പീപീ ഹോണമടിച്ച്

പാഞ്ഞുവരുന്നേ മോട്ടോർകാർ

പല നിറമുണ്ടേ പല തരമുണ്ടേ

പായും വിരുതൻ മോട്ടോകാർ



പോംപോം പോംപോം ഹമ്പോ
വന്നേ

**റോഡിലെ വമ്പൻ ബസ്സ് വന്നേ**

**ആളേക്കറ്റം ആളേയിറക്കും കൈകാണിച്ചാൽ സ്റ്റോപ്പാകം!!**

# തക്കുടുപൂച്ച!



തക്കുടു എന്നൊരു പൂച്ചമ്മ

തക്കിട തരികിട പൂച്ചമ്മ

ചിക്കൻ തിന്നാനതിവേഗം

തക്കം പാർത്തു വരുന്നേരം

ചിക്കുപട്ടി വരുന്നയ്യോ

തക്കുടുവാകെ വിറച്ചേ പോയ്

വെക്കം ചുറ്റും നോക്കീട്ട്

തക്കുടു ഓടി ഒളിച്ചേ പോയ്!

# എന്റെ ഭാഷ



മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം

ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം

അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ

സമ്മേളിച്ചീടുന്നതൊന്നാമതായ്

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!

മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ

മാതാവിൻ വാത്സല്യദുഗ്ധം നുകർന്നാലേ

പൈതങ്ങൾ പൂർണവളർച്ച നേടൂ

# ആനകഥ

മരുത്വാമലയുടെ ചരിവിൽ ഒരു ചെറിയ കുടിലിൽ ഒരു ആദിവാസി മൂപ്പനും, ഭാര്യയും മൂന്നു മക്കളും താമസിച്ചിരുന്നു. മരുത്വാമലയിൽ കാട്ടുകോഴി, ആനമയക്കി തുടങ്ങിയ അപൂർവ്വ ഔഷധ ചെടികൾ ഉണ്ട്. മൂപ്പന് മരുത്വാമലയിലെ മരുന്നു ചെടികൾ ഉപയോഗിച്ച് ചികിൽസിക്കാൻ അറിയാം. ഈ അറിവ് പാരമ്പര്യമായി മൂപ്പന് ലഭിച്ചതാണ്. മൂപ്പൻെറ ചികിൽസ ഫലപ്രദമായിരുന്നു. ക്യാൻസർ വരെയുള്ള രോഗങ്ങൾ മൂപ്പൻ ചികിൽസിച്ച് മാറ്റാറുണ്ട്.

മൂപ്പൻെറ മറ്റൊരു ജോലി മലയിൽ നിന്നും തേൻ ശേഖരിച്ച് കുപ്പികളിലാക്കി പട്ടണത്തിൽ കൊണ്ട് പോയി വിൽക്കലാണ്. അങ്ങനെ കിട്ടുന്ന പണം കൊണ്ട് അയാൾ ചന്തയിൽ നിന്നും അരിയും സാമാനങ്ങളും വാങ്ങി  കുടിലിൽ കൊണ്ട് ചെല്ലും.

ഒരു ദിവസം തേൻ വിൽക്കാനും, ചികിൽസയ്ക്കും വേണ്ടി അയാൾ പട്ടണത്തിലേക്ക് പോയി. മരുന്ന കൊടുക്കുന്നതിനായി മൂപ്പൻ ഒരു ആസ്മ രോഗിയുടെ വീട്ടിൽ ചെന്നു. അയാൾക്ക്  വള്ളിപ്പാല ഇല കൊടുത്തു. രാവിലെ മൂന്നു ഇല വീതം  കഴിക്കണം എന്നും മൂപ്പന്ഴ അയാളോട് പറഞ്ഞു. അത്താഴ പുറമേ കഴിക്കാൻ അയാൾക്ക് ഒരു ചൂർണ്ണവും കൊടുത്തു.

# മഞ്ചാടിച്ചോപ്പ്



ആമ്മേയമ്മേ നോക്കമ്മേ

ചെഞ്ചായം പൂശിയതെന്താണ് ?

ചായം പൂശിയതല്ലുണ്ണീ

മഞ്ചാടിച്ചോപ്പതാണല്ലോ...

മഞ്ചാടിക്കുരുമണി തേടി

ഉണ്ണി നടന്നു തൊടിയാകെ

ഒന്ന് രണ്ട് മൂന്നെണ്ണി

എണ്ണിയെടുത്തു ചിരിച്ചുണ്ണി

# സൗഹൃദം

**ഒരു വസന്തത്തിൽ വിടർന്ന്**

**മറ്റൊരു നാളിൽ കൊഴിയുന്ന**

***പൂവിനു സാദൃശ്യമാമെൻ ജീവിതം***

**ഒരായിരം പൂക്കൾ എനിക്കുപരിചിതമെങ്കിലും അവർ**

***മാത്രമെന്തേ എനിക്കു പ്രിയരായി***

**കാറ്റിലാടുന്ന പട്ടം പോലെ**

***ചാഞ്ചാടുന്ന എന്റെ മനസ്സിന്റെ***

**നൂലുപൊട്ടാതെ താളം തെറ്റാതെ**

**പിടിച്ചു നിർത്തുന്നത് അവരാകാം.**

**ഒറ്റപ്പെടലിന്റെ നിമിഷത്തിൽ**



**ചുറ്റും ഇരുട്ട് പരക്കുമ്പോൾ**

**നുറുങ്ങു വെട്ടവുമായ് എനിക്കു**

***കൂട്ടിരിക്കുന്നത് അവരാകാം***

**സൂര്യൻെറ ഉദയാസ്തമയങ്ങളിൽ പോലെ**

**നാണയത്തിന്റെ ഇരുവശങ്ങൾ പോലെ**

**അവരില്ലാതെ ഞാനില്ലാ,**

**ഞാനില്ലാതെ അവരും....**



# താരാട്ടുപാട്ട്




ഉണ്ണി നീയെൻ പൊന്നോമലായ്
താരാട്ടു കേട്ടുറങ്ങുകെൻ മുത്തേ
പൊന്നെ നീയെൻ പൈതലല്ലേ
താലോലം പൂന്തൊട്ടിലിൽ ചാഞ്ഞുറങ്ങ്

നീയുറങ്ങ് ചാഞ്ഞുറങ്ങ്
എൻ മടിത്തട്ടിൽ ചാഞ്ഞുറങ്ങ്
സ്വപ്നങ്ങൾ പൂവിട്ട് തഴുകട്ടെ
ആരി രാരോ ആരീരാരോ
ആരി രാരോ ആരീ രാരോ

# എലിയും പുലിയും !



പുലിയൊരു പാട്ടുംപാടി

പുലിമടതാണ്ടി വരുമ്പോൾ,

എലിയൊരു തോക്കുംചൂണ്ടി

പുലിയുടെ നേരേ ചെന്നേ!

പുലിയോ ഞെട്ടിവിറച്ചു

പുലിമട നോക്കിപ്പാഞ്ഞു,

“പുലികളിയാണിത് ഠോ ഠോ"!

എലിയോ നിന്നു ചിരിച്ചു!

# കുശലം

**പൂവേ പറയൂ വണ്ടമ്മാവൻ**

**കുശലം ചൊല്ലിയതെന്താണ്?**

**പൂവ് പറിക്കാനെത്തുന്നോർക്കൊരു**

**കുത്തുകൊടുക്കാമെന്നാണേ!**

# നല്ല കൂട്ടുകാർ



ഒരിക്കൽ ബിച്ചുക്കരടി മരക്കൊമ്പിൽ ഒരു തേനീച്ചക്കൂട് കണ്ടു

"ഹയ്യട"!ബിച്ചു വേഗം മരത്തിൽ കയറി.പെട്ടെന്ന് കാല് തെന്നി അവൻ താഴെ വീണു.'പധും'!ബിച്ചു തേനെടുക്കാതെ




ഗുഹയിൽ തിരിച്ചെത്തി.'കാലിനു നല്ല വേദന.വിശന്നിട്ടും വയ്യ.'ബിച്ചു വിഷമിച്ചു കിടപ്പായി.അപ്പോഴാണാ മിട്ടു മുയൽ എത്തിയത്.'എന്തു പറ്റി"?അവൻ ചോദിച്ചു.ബിച്ചു നടന്നതെല്ലാം പറഞ്ഞു.മിട്ടു പോയി കൂട്ടുകാരെയും ആന ഡോക്ടറെയും വിവരം അറിയിച്ചു.അവൻ ബിച്ചുവിൻെറ അടുത്തേക്ക് വന്നു.ഡോക്ടർ അവനെ പരിശോധിച്ചു."കുഴപ്പം ഒന്നുമില്ല.ഒന്നുരണ്ടു ദിവസം വിശ്രമിച്ചാൽ മതി."കൂട്ടുകാർ അവനു പഴങ്ങൾ നൽകി .ബിച്ചുവിനു സന്തോഷമായി.അവൻ അവർക്ക് നന്ദി പറഞ്ഞു.

# ഏറ്റവും വിഷമുള്ള സർപ്പം

ഓസ് ട്രേലിയയിൽ കാണുന്ന ഇൻലാഡ്

ടയ്പ്പാൻ എന്ന സർപ്പത്തിനാണ് ഈ

ഗിന്നസ് റെക്കോർഡ്.ഒറ്റക്കടിക്ക് ഇത്

കുത്തി വയ്ക്കുന്ന അല്പ്പം വിഷത്തിന്

നിരവധി ആളുകളെ കൊല്ലാൻ ശക്തിയുണ്ട്!

# ഏറ്റവും വിഷമുള്ള പല്ലി

അമേരിക്കയിൽ കാണുന്ന ഗില മോൺസ്റ്റർ എന്ന പല്ലിക്കാണ് ഏറ്റവും വിഷമുള്ളത്. അമേരിക്കയിലെ 'ഗില' എന്ന നദിയിൽ നിന്നാണ് ഈ പല്ലിക്ക് പേരു കിട്ടിയത്.

# ഏറ്റവും വിഷമുള്ള ചിലന്തി

**ഓസ്ട്രേലിയയിൽ കാണുന്ന സിഡ്നി ഫണൽ വെബ് എന്ന ചിലന്തിക്കാണ് ഏറ്റവും കടുത്ത വിഷമുള്ളത്. ഒരു മില്ലിഗ്രാമിന്റെ**

**5-ൽ ഒരു ഭാഗം മതി ഒരാളുടെ ജീവൻ എടുക്കാൻ!**

# ഏറ്റവും വിഷമുള്ള മീൻ

ഏറ്റവും വിഷമുള്ള മീൻ എന്ന ഗിന്നസ് റെക്കോഡ് സ്റ്റോൺഫിഷിനാണ്. മണൽത്തട്ടിൽ അനക്കമറ്റ കിടന്നുകൊണ്ടാണ് ഇത് ഇരയെ പിടിക്കുന്നത്.

# വായനാമുറ്റത്തെ പൂവ്

**ആരോ ഒരാൾ പറഞ്ഞു**

**എന്നും എപ്പോഴും**

**കുട്ടികൾ വായിക്കാതിരിക്കുമ്പോൾ**

**വായന മരിക്കുകയാണെന്ന്**

**എന്നാൽ**

**വിദ്യാലയത്തിൽ വന്ന്**

**നിന്നെ വായിച്ചറിയുമ്പോൾ**

**വായന മരിക്കുകയല്ല**

**ജനിക്കുകയാണെൻ കണിക്കൊന്നേ...........**

# കടംകഥകൾ

- അകത്ത് രോമം പുറത്തിറച്ചി
  - മൂക്ക്
- മാനത്തെ കുമ്പളങ്ങയ്ക്ക പിടിക്കാൻ ഞെട്ടില്ല
  -ചന്ദ്രൻ
- ആനയെ തളയ്ക്കാൻ മരമുണ്ട് ജീരകം പൊതിയാൻ ഇലയില്ല
  -പുളിമരം
- ചില്ലക്കൊമ്പിൽ വെള്ളക്കുമിളകൾ
  -നെല്ലിക്ക
- ഓടിനടക്കുമീ തീപ്പന്തം
  -മിന്നാമിനുങ്ങ്
- കാട്ടിലമ്മ പൊന്നണിഞ്ഞു നിൽക്കുന്നു
  -കണിക്കൊന്നമരം

# കടപ്പാട്

**ഡിജിറ്റൽ മാഗസിൻ വളരെയധികം മനോഹരമാക്കാനും വിജയ പ്രദമാക്കാനും അകമഴിഞ്ഞ സഹകരണവും പ്രോത്സാഹനവും നല്കിയ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, മാഗസിൻ അർത്ഥവത്താക്കാൻ നേതൃത്വം നല്കിയ അദ്ധ്യാപകർക്കും ഒരായിരം നന്ദി**

LITTLE KITES